വെട്ടുകാട് തിരുനാളിന് കൊടിയേറി

വെട്ടുകാട് മാദ്രേ ദെ ദേവൂസ് ദേവാലയത്തിൽ ക്രിസ്തുരാജത്വ തിരുന്നാളിന് തുടക്കം കുറിച്ചു നടന്ന കൊടിയേറ്റ് കർമം
ഫോട്ടോ: മനു മംഗലശ്ശേരി

തിരുവനന്തപുരം: ദക്ഷിണ ഭാരതത്തിലെ പ്രമുഖ ക്രൈസ്തവ തീർത്ഥാടന കേന്ദ്രമായ വെട്ടുകാട് മാദ്രേ ദെ ദേവൂസ് പള്ളിയിലെ ക്രിസ്തുരാജത്വ തിരുനാൾ ആയിരക്കണക്കിന് വിശ്വാസികളെ സാക്ഷി നിറുത്തി ഭക്തിസാന്ദ്രമായ അന്തരീക്ഷത്തിൽ കൊടിയേറി.

ഇന്നലെ രാത്രി എട്ടരയോടെ തിരുവനന്തപുരം ലത്തീൻ അതിരൂപത സഹായ മെത്രാൻ ഡോ. ആർ. ക്രിസ്തുദാസിന്റെ കാർമികത്വത്തിൽ പള്ളിയങ്കണത്തിൽ നിന്ന് കൊടിക്കളത്തിലെത്തിയ ഇടവക വികാരി ജോസഫ് ബാസ്റ്റിനെ സംഗീതാലാപനത്തോടെ എതിരേറ്റു. തുടർന്ന് ഇടവകാംഗങ്ങൾ ചൊല്ലിയ പ്രാർത്ഥനാഗീതത്തോടെ പത്ത് ദിവസത്തെ തിരുനാളിന് തുടക്കം കുറിച്ച് അദ്ദേഹം ക്രിസ്തുരാജന്റെ ചിത്രം ആലേഖനം ചെയ്ത കൊടിയുയർത്തി.

പള്ളിയുടെ പടിഞ്ഞാറ് വശത്ത് സജ്ജീകരിച്ചിട്ടുള്ള വേദിയിൽ നിന്നാണ് ക്രിസ്തുരാജ പതാക വാനിലുയർത്തിയത്. ഇതിന് പശ്ചാത്തലമായി ഓഖി, പ്രളയം തുടങ്ങിയവയെക്കുറിച്ചുള്ള അവതരണമുണ്ടായി. പള്ളി നവീകരിച്ച ശേഷം നടത്തുന്ന ആദ്യ തിരുനാളാണിതെന്നതാണ് ഈ പെരുനാളിന്റെ ഏറ്റവും വലിയ പ്രത്യേകത. രാവിലെ 5.45ന് പ്രഭാതപ്രാർത്ഥനയും ദിവ്യകാരുണ്യ ആരാധനയും നടന്നു. ശേഷം വെട്ടുകാട് സഹവികാരി ഫാ. വിശാൽ .വിയുടെ മുഖ്യകാർമികത്വത്തിൽ ക്രിസ്തുരാജ സന്നിധിയിൽ സമൂഹദിവ്യബലി നടത്തി. ഇതോടൊപ്പം വെട്ടുകാട് സഹവികാരി പ്രബൽ ജോസഫ് പെരേരയുടെ വചനപ്രഘോഷണമുണ്ടായിരുന്നു. 11ന് യുവദീപ്തി പ്രസ് ഡയറക്ടർ റോബിൻസണ്ണിന്റെ നേതൃത്വത്തിൽ സമൂഹദിവ്യബലി നടന്നു. തിരുവനന്തപുരം ലത്തീൻ അതിരൂപത കുടുംബശുശ്രൂഷ ഡയറക്ടർ എ.ആർ. ജോൺ വചനപ്രഘോഷണം നടത്തി. 4.45ന് നടന്ന സമൂഹദിവ്യബലിയിൽ തിരുവനന്തപുരം ലത്തീൻ സഹായ മെത്രാൻ ഡോ. ആർ. ക്രിസ്തുദാസ് മുഖ്യകാർമികനായി. തിരുനാൾ ദിവസങ്ങളിൽ രാവിലെ ആറ് മുതൽ തുടർച്ചയായി ദേവാലയത്തിൽ ദിവ്യബലിയുണ്ടാകും. 24ന് വൈകിട്ട് 6.30ന് പ്രദക്ഷിണം നടത്തും. 25ന് രാവിലെ 9.30നുള്ള കുർബാനയ്ക്കുശേഷം സ്നേഹവിരുന്നും ആദ്യ ചോറൂട്ടും. അന്ന് വൈകിട്ട് അഞ്ചിന് കുർബാനയ്ക്ക് ആർച്ച് ബിഷപ് ഡോ. എം. സൂസപാക്യം മുഖ്യകാർമികത്വം വഹിക്കും. ഹരിതചട്ടം പാലിച്ചായിരിക്കും ഇക്കുറിയും തിരുനാൾ നടത്തുകയെന്ന് വികാരി ഫാ. ജോസഫ് ബാസ്റ്റിൻ, സെക്രട്ടറി എ. വർഗീസ് ഫെർണാണ്ടസ്, വിദ്യാഭ്യാസ കൺവീനർ ആന്റണി ജോർജ് എന്നിവർ അറിയിച്ചു.

ലയൺസ് ഡയാലിസിസ് സെന്റർ ഇന്ന് സമർപ്പിക്കും

തിരുവനന്തപുരം: ഡയാലിസിസ് ചെയ്യാൻ സാമ്പത്തികമായി ബുദ്ധിമുട്ടുന്നവർക്ക് ആശ്വാസമായി ലയൺസ് ഡിസ്ട്രിക്ട് 318എ അഞ്ചൽ സെന്റ് ജോസഫ് മിഷൻ ആശുപത്രിയിൽ അത്യാധുനിക സൗകര്യങ്ങളുമായി ഡയാലിസിസ് സെന്റർ ആരംഭിക്കുന്നു.

പാറശാല മുതൽ ഹരിപ്പാട് വരെയുള്ള 126 ലയൺസ് ക്ലബുകൾ ഉൾപ്പെടുന്ന ലയൺസ് ഡിസ്ട്രിക്ട് 318 എ, എൽ.സി.ഐ.എഫിന്റെ ധനസഹായത്തോടെ 28 ലക്ഷം രൂപ മുടക്കിയാണ് അഞ്ച് ഡയാലിസിസ് യന്ത്രങ്ങൾ ഉൾപ്പെടുന്ന ഡയാലിസിസ് സെന്റർ തുറക്കുന്നത്. നിർദ്ധനരായ 800 പേർക്ക് സൗജന്യമായി ഡയാലിസിസ് ചെയ്യാൻ ലക്ഷ്യമിടുന്ന സെന്ററിന്റെ ഉദ്ഘാടനം പത്തനംതിട്ട ബിഷപ് ഡോ. സാമുവൽ മാർ ഐറേനിയോസ് ഇന്ന് നിർവഹിക്കും. അഞ്ചൽ സെന്റ് ജോസഫ് മിഷൻ ആശുപത്രി അങ്കണത്തിൽ രാവിലെ 8.30ന് നടക്കുന്ന ചടങ്ങിൽ ഡയാലിസിസ് സെന്ററിന്റെ സമർപ്പണം മന്ത്രി കെ. രാജു നിർവഹിക്കും. ഡിസ്ട്രിക്ട് ഗവർണർ ലയൺ ജോൺ ജി. കൊട്ടറയുടെ അദ്ധ്യക്ഷതയിൽ നടക്കുന്ന യോഗത്തിൽ ലയൺസ്മൻ ഇന്റർനാഷണൽ ഡയറക്ടർ ലയൺ ആർ. മുരുകൻ മുഖ്യപ്രഭാഷണം നടത്തും.

കേരള മൾട്ടിഷിൾ ചെയർമാൻ ലയൺ കെ. സുരേഷ് അർഹരായ രോഗികളുടെ ആദ്യലിസ്റ്റ് സമർപ്പിക്കും. വിദഗ്ധ സമിതി തിരഞ്ഞെടുക്കുന്ന അർഹരായ രോഗികളെയാണ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വൈസ് ഗവർണർമാരായ ലയൺ ഡോ. എ.ജി. രാജേന്ദ്രൻ, ലയൺ വി. പരമേശ്വരൻകുട്ടി, മുൻ ഗവർണർമാരായ ലയൺ അഡ്വ. ജി. സുരേന്ദ്രൻ, ലയൺ ജി. ഹരിഹരൻ എന്നിവർ ചടങ്ങിൽ സംസാരിക്കും.

കഞ്ചാവ് കച്ചവടക്കാർക്ക് കഠിന തടവും പിഴയും

തിരുവനന്തപുരം: കഞ്ചാവ് കച്ചവടക്കാരായരണ്ട് പ്രതികളെ കോടതി ഏഴു വർഷം കഠിന തടവിനും ഒരു ലക്ഷം രൂപ വീതം പിഴയ്ക്കും ശിക്ഷിച്ചു.

തമിഴ്നാട് തേനി സ്വദേശികളായ പോൾ രാജ്, പ്രഭു എന്നിവരെയാണ് കോടതി ശിക്ഷിച്ചത്. പിഴത്തുക ഒടുക്കിയില്ലെങ്കിൽ ആറുമാസം അധിക തടവ് അനുഭവിക്കണം.

അഞ്ചാം അഡിഷണൽ ജില്ലാ സെഷൻസ് കോടതിയാണ് ശിക്ഷ വിധിച്ചത്. കന്റോൺമെന്റ് പൊലീസ് രജിസ്റ്റർ ചെയ്ത കേസിലാണ് വിധി.

19-ാം ചരമവാർഷികം (17-11-2018)

ജി. കൃഷ്ണൻ (Rtd. D.T.O)
മണലിവിള, നെയ്യാറ്റിൻകര.
ദുഃഖിതയായ ഭാര്യ: എൽ. സാവിത്രിയും കുടുംബാംഗങ്ങളും
MD

സ്മരണാഞ്ജലി
10-ാം ചരമവാർഷികം (17.11.2018)

കെ. സുപ്രഭ
(W/o Late എൻ. സുരേന്ദ്രനാഥ്)
സുരേഷ്ഭവൻ, കിളിമാനൂർ.
ദുഃഖിതരായ, മകൻ: ഷാജി, മരുമകൾ: അരുണ, ചെറുമകൾ: അനുക (കാർത്തി), മറ്റ് കുടുംബാംഗങ്ങൾ.

39-ാം ചരമവാർഷികം

ശ്രീ. എം. രാമൻ
(സ്ഥാപക പ്രസിഡന്റ്)
മേൽകടയ്ക്കാവൂർ ക്ഷീര വ്യവസായ സഹകരണ സംഘം
milco DAIRY
ദീപ്തമായ സ്മരണകളോടെ... ഭരണ സമിതി അംഗങ്ങളും സംഘം ജീവനക്കാരും

രണ്ടാം ചരമവാർഷികം (17.11.2018)

കെ. ശശിധരൻ നായർ
(പന്തൽ കോൺട്രാക്ടർ)
ലതാഭവൻ, മുട്ടട.
പരേതാത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട്,
ദുഃഖിതയായ
ഭാര്യ: V. ലതാദേവി.